വ്യാജരേഖകൾ ചമച്ച് സർക്കാർ സർവ്വീസിൽ ജോലി നേടിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശം

51(256) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജരേഖകൾ ചമച്ച് സർക്കാർ സർവ്വീസിൽ ജോലി നേടിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ; ഓരോ കേസ്സിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) എല്ലാ കേസ്സിലെയും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) വ്യാജ നിയമനവുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോ ;

(ഡി) പുതുതായി സർക്കാർ നിയമനം ലഭിക്കുന്നവരെ സംബന്ധിച്ച കൃത്യമായ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ജോലി തട്ടിപ്പ് സംബന്ധിച്ച കേസ്സുകൾ

52(257)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജരേഖ ചമച്ചും ആൾമാറാട്ടം നടത്തിയും ജോലി തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് ഇതുവരെ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനോടനുബന്ധിച്ച് എത്ര പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയുണ്ടായി ; ഇവരിൽ എത്ര പേർ ഇപ്പോഴും റിമാന്റിൽ ഉണ്ടെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് ഇതുവരെ എത്ര കേസുകൾ ചാർജ് ചെയ്തുവെന്നും അത്തരം ഓരോ കേസും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ ;

(ഡി) വ്യാജ ജോലി നേടിയ എത്ര ജീവനക്കാർക്കെതിരെയാണ് ഇതുവരെ നടപടി സ്വീകരിച്ചതെന്നും അവരിൽ എത്ര പേരെ സർവ്വീസിൽനിന്നും പിരിച്ചു വിടുകയുണ്ടായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly